# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 27.08.2024**

### പ്രധാനവാർത്തകൾ

1). **ഉരുൾപൊട്ടലിൽ തകർന്ന വയനാട് മുണ്ടക്കൈയ്ക്ക് കേന്ദ്ര സഹായം തേടി മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തി.**

2). **ഉരുൾപൊട്ടലിൽ ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിച്ചിരുന്ന മേപ്പാടി സ്കൂളിൽ അദ്ധ്യയനം പുനഃരാരംഭിച്ചു.**

3). **ഈ മാസത്തെ ക്ഷേമ പെൻഷൻ നൽകാൻ ഉത്തരവായെന്ന് മന്ത്രി കെ.എൻ ബാലഗോപാൽ.**

4). **സിനിമാ മേഖലയിലെ വെളിപ്പെടുത്തലുകൾ അന്വേഷിക്കാൻ സർക്കാർ നിയോഗിച്ച പ്രത്യേക സംഘം ആദ്യ യോഗം ചേർന്നു.**

5). **പ്രമുഖ ചലച്ചിത്ര സംവിധായകൻ മോഹൻ അന്തരിച്ചു.**

6). **യു.എസ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ സുമിത് നാഗൽ ആദ്യ റൗണ്ടിൽ പുറത്തായി.**

PNU TVPM

## മുഖ്യമന്ത്രി - പ്രധാനമന്ത്രി

ഉരുൾപൊട്ടലിൽ തകർന്ന വയനാട് മുണ്ടക്കൈയെ പുനരുജ്ജീവിപ്പിക്കാൻ കേന്ദ്രസഹായം ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഡൽഹിയിൽ. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തി. നരേന്ദ്രമോദി മൂന്നാമതും അധികാരമേറ്റശേഷം മുഖ്യമന്ത്രി ആദ്യമായി നടത്തുന്ന ഔദ്യോഗിക സന്ദർശനമാണിത്.വയനാട് ദുരിതാശ്വാസം സംബന്ധിച്ച് സംസ്ഥാന സർക്കാർ വിശദമായ നിവേദനം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ദുരന്ത മേഖലകളിൽ പ്രധാനമന്ത്രി സന്ദർശനം നടത്തിയിരുന്നു. സംസ്ഥാനത്തിൻറെ മറ്റ് ആവശ്യങ്ങളും മുഖ്യമന്ത്രി കൂടിക്കാഴ്ചയിൽ ഉന്നയിച്ചു.

PNU TVPM

************************************************************************************************

## വയനാട് സ്കൂൾ

ചൂരൽമല, മുണ്ടക്കൈ ഉരുൾപ്പെട്ടലിനെ തുടർന്ന് ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിച്ചിരുന്ന സ്കൂളുകളിൽ അധ്യയനം ആരംഭിച്ചു. ജി.എൽ.പി.എസ് മേപ്പാടി, ജി.എച്ച്.എസ്.എസ് മേപ്പാടി എന്നിവയാണ് വീണ്ടും തുറന്നത്. ഉരുൾപൊട്ടിയ ജൂലൈ 30 മുതൽ നൂറ് കണക്കിന് കുടുംബങ്ങളെ താമസിപ്പിച്ചിരുന്നത് മേപ്പാടി സ്കൂളിലായിരുന്നു. . താൽകാലിക പുനരധിവാസത്തിന്റെ ഭാഗമായി മുഴുവൻ കുടുംബങ്ങളേയും മാറ്റി പാർപ്പിച്ചതിനെ ത്തുടർന്നാണ് സ്കൂളുകളിൽ പഠന പ്രവർത്തനമാരംഭിക്കുന്നത്.

************************************************************************************************

## വയനാട് ദുരിതാശ്വാസനിധി

വയനാടിനെ പുനരുജ്ജീവിപ്പിക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഇതുവരെ ലഭിച്ചത് 230 കോടി 41 ലക്ഷത്തിലേറെ രൂപ. ആന്ധ്രാപ്രദേശ് സർക്കാർ 10

കോടി രൂപ സംഭാവന നൽകി. ഉത്തർപ്രദേശ് സർക്കാർ 10 കോടി രൂപ നൽകുമെന്ന് അറിയിച്ചു.

************************************************************************************************************************

### ക്ഷേമപെൻഷൻ

ഈ മാസത്തെ ക്ഷേമ പെൻഷൻ നൽകാൻ ഉത്തരവായെന്ന് മന്ത്രി കെ എൻ ബാലഗോപാൽ കൊട്ടാരക്കരയിൽ മാധ്യമങ്ങളോട് പറഞ്ഞു. അറുപത്തിരണ്ടു ലക്ഷം പെൻഷൻകാർക്ക് ഗുണം ലഭിക്കും. ഓണക്കാല ചെലവുകൾക്ക് മുന്നോടിയായി 3,000 കോടി രൂപ ധനവകുപ്പ് കട മെടുക്കും.

************************************************************************************************************************

### മോഹൻ അന്തരിച്ചു

പ്രമുഖ ചലച്ചിത്ര സംവിധായകൻ മോഹൻ അന്തരിച്ചു. 76 വയസായിരുന്നു. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം. 1978 -ൽ പുറത്തിറങ്ങിയ  വാടകവീടാണ് ആദ്യ സിനിമ. ശാലിനി എൻറെ കൂട്ടുകാരി, വിടപറയും മുമ്പേ, ഇളക്കങ്ങൾ, ഇടവേള, ആലോലം, രചന, മംഗളം നേരുന്നു, തീർത്ഥം, ശ്രുതി, ഒരു കഥ ഒരു നുണക്കഥ, ഇസബെല്ല , പക്ഷേ, അങ്ങനെ ഒരു അവധിക്കാലത്ത് തുടങ്ങിയ ചിത്രങ്ങൾ സംവിധാനം ചെയ്തിട്ടുണ്ട്. സംസ്കാരം പിന്നീട്. മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

RNU TVPM

************************************************************************************************************************

### സിനിമ എൻക്വയറി

സിനിമാ മേഖലയിലെ വെളിപ്പെടുത്തലുകൾ അന്വേഷിക്കാൻ സംസ്ഥാന സർക്കാർ നിയോഗിച്ച പ്രത്യേക സംഘത്തിൻറെ ആദ്യയോഗം തിരുവനന്തപുരത്ത് ചേർന്നു. ഡിജിപി ഷേഖ് ദർവേഷ് സാഹേബിൻറെ സാന്നിധ്യത്തിലാണ് യോഗം

ചേർന്നത്. മാധ്യമങ്ങളിലൂടെ ദുരനുഭവങ്ങൾ പങ്കുവയ്ക്കുന്ന ചലച്ചിത്രപ്രവർത്തുകരുമായി സമിതി ബന്ധപ്പെട്ട് പരാതി സ്വീകരിച്ചുതുടങ്ങി. ബംഗാളി നടി ശ്രീലേഖ മിത്രയുടെ പരാതിയിൽ ചലച്ചിത്ര അക്കാദമി മുൻ ചെയർമാൻ രഞ്ജിത്തിനെതിരെ കൊച്ചി സിറ്റി പോലീസ് കേസെടുത്തു.

****************************************************************************************************

## സുരേഷ് ഗോപി-മാധ്യമങ്ങൾ

മലയാള ചലച്ചിത്രമേഖലയെന്ന വലിയ സംവിധാനത്തെ തകിടം മറിക്കാനുള്ള ശ്രമമാണ് ഇപ്പോൾ മാധ്യമങ്ങൾ ചെയ്യുന്നതെന്ന് കേന്ദ്രമന്ത്രി സുരേഷ്ഗോപി. ചലച്ചിത്രതാരവും എംഎൽഎയുമായ മുകേഷിനെതിരെ ഉയർന്നആരോപണങ്ങളിൽ കോടതി തീർപ്പുകൽപ്പിക്കട്ടെയെന്നും അദ്ദേഹം പറഞ്ഞു. തൃശൂർ ഒല്ലൂരിലുള്ള എവുപ്രാസ്യമ്മ തീർത്ഥാടന കേന്ദ്രത്തിൽ സന്ദർശനത്തിനെത്തിയപ്പോഴാണ് അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചത്.

RNU TVPM

****************************************************************************************************

## കെ.എൻ ബാലഗോപാൽ

ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേൽ നിയമപരമായ നടപടികൾ നടക്കുകയാണെന്നും ഇതിൽ വ്യക്തിപരമായി അഭിപ്രായ പ്രകടനങ്ങൾ നടത്തുന്നില്ലെന്നും മന്ത്രി കെ.എൻ ബാലഗോപാൽ പറഞ്ഞു. പാർട്ടിയും എൽ.ഡി.എഫ് ഗവൺമെൻറും ഇക്കാര്യത്തിൽ പ്രതിരോധത്തിലാകില്ലെന്നും കൃത്യമായ നിലപാടുണ്ടെന്നും, അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു. എം. മുകേഷ് എം.എൽ.എ യുമായി ബന്ധപ്പെട്ട ചോദ്യങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

---

**<u>കെ. സുരേന്ദ്രൻ</u>**

ഹേമ കമ്മറ്റി റിപ്പോർട്ട് ഉദ്ദേശശുദ്ധിക്ക് വിരുദ്ധമായി മാറുന്നു എന്ന് B.J.P സംസ്ഥാന അധ്യക്ഷൻ K സുരേന്ദ്രൻ ആരോപിച്ചു. സർക്കാരിന് ആദ്യമുണ്ടായിരുന്ന ഉദ്ദേശശുദ്ധി ഇപ്പോൾ ഇല്ല. ആരോപണ വിധേയരായ സിദ്ധിഖും രഞ്ജിത്തും രാജിവച്ചിട്ടും മുകേഷ് രാജി വച്ചിട്ടില്ല. കൂടെ നിൽക്കുന്നവരെ സംരക്ഷിക്കുന്ന നിലപാട് ആണ് മുഖ്യമന്ത്രി സ്വീകരിക്കുന്നതെന്നും അദ്ദേഹം ആരോപിച്ചു.

---

**<u>ഷാജി എൻ കരുൺ</u>**

സിനിമ മേഖലയിലെ തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള വേദി കൂടിയായിരിക്കും സർക്കാർ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്ന സിനിമ കോൺക്ലേവ് എന്ന് കെ. എസ്.എഫ്.ഡി.സി ചെയർമാൻ ഷാജി എൻ കരുൺ. നിർമാതാക്കളുടെ പണമിടപാടുകൾ ഡിജിറ്റൽ രൂപത്തിലാക്കി സുതാര്യതകൊണ്ടുവരാനുള്ള നടപടികളും കോൺക്ലേവിൽ ചർച്ച ചെയ്യുമെന്നും അദ്ദേഹം കണ്ണൂരിൽ പറഞ്ഞു.

RIJU TVPM

---

**<u>ഏകീകൃത പെൻഷൻ-കേന്ദ്രസർക്കാർ</u>**

കേന്ദ്ര സർക്കാരിൻറെ ഏകീകൃത പെൻഷൻ പദ്ധതി സ്വാഗതാർഹമെന്ന് ദക്ഷിണ റെയിൽവേ പ്രിൻസിപ്പിൽ ചീഫ് പേഴ്സണൽ ഓഫീസർ കെ ഹരികൃഷ്ണൻ.
വീഡിയോ കോൺഫറൻസിങ്ങിലൂടെ നടത്തിയ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

---

**ബ്രേക്ക്.....**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

*******************************************************************************************************************************************************************

**അയ്യങ്കാളി ജയന്തി നാളെ**

അയ്യങ്കാളിയുടെ 161-ാ മത് ജയന്തി ആഘോഷം നാളെ. പട്ടികജാതി വികസന വകുപ്പിൻറെ നേതൃത്വത്തിൽ ക്വിസ് മത്സരം, ശുചിത്വ സെമിനാർ തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിക്കും. വെള്ളയമ്പലം അയ്യങ്കാളി സ്ക്വയറിൽ

നാളെ രാവിലെ മന്ത്രി ഒ.ആർ കേളു പുഷ്പാർച്ചന നടത്തും. അനുസ്മരണ സമ്മേളനത്തിൽ മന്ത്രിമാരായ വി ശിവൻകുട്ടി, ജി.ആർ അനിൽ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ തുടങ്ങിയവർ പങ്കെടുക്കും.

*******************************************************************************************************************************************************************

**ഹജ്ജ്-സൂക്ഷ്മ പരിശോധന**

ഹജ്ജ് കമ്മിറ്റി മുഖേന അടുത്ത വർഷം ഹജ്ജിന് സമർപ്പിച്ച അപേക്ഷകളുടെ സൂക്ഷ്മ പരിശോധന ആരംഭിച്ചു. സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഇതുവരെ 4,060 പേരാണ് ഓൺലൈനായി അപേക്ഷ നൽകിയത്. സെപ്റ്റംബർ 9 വരെ അപേക്ഷ നൽകാം.

RNUTVPM

*******************************************************************************************************************************************************************

**പുരോഗമന കലാസാഹിത്യ**

പുരോഗമന കലാസാഹിത്യസംഘത്തിൻറെ 13-ാാം സംസ്ഥാന സമ്മേളനത്തിന് കണ്ണൂരിൽ തുടക്കമായി. ബർണശ്ശേരി E.K നായനാർ അക്കാദമിയിൽ രാവിലെ കേരള സാഹിത്യ അക്കാദമി പ്രസിഡൻറ് സച്ചിദാനന്ദൻ സമ്മേളനം ഉദ്ഘാടനം ചെയ്യു. 1,250- ലേറെ സാംസ്കാരിക

പ്രവർത്തകർ രണ്ട് ദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

**************************************************************************************************

**<u>മഴ - സംസ്ഥാനം</u>**

കേരളത്തിൽ വ്യാപക മഴ തുടരുമെന്ന് കാലാവസ്ഥാ വകുപ്പ്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇടിമിന്നലോടെ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയുണ്ട്. ഇന്നും നാളെയും കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരളം ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിത്തത്തിന് തടസ്സമില്ല.

**************************************************************************************************

**<u>കോഴിക്കോട് സഹമിത്ര-(ഇൻട്രോ)</u>**

മുഴുവൻ ഭിന്നശേഷി വ്യക്തികൾക്കും അടിസ്ഥാന രേഖ ഉറപ്പാക്കുന്ന ആദ്യ ജില്ല എന്ന നേട്ടം കൈവരിക്കാൻ ഒരുങ്ങുകയാണ് കോഴിക്കോട്. 'സഹമിത്ര' എന്ന പേരിലാണ് പദ്ധതി നടപ്പാക്കുന്നത്.

RNUTVPM

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...**

<u>( വോയിസ്..................)</u>

**************************************************************************************************

**<u>പ്രഥമ കേരള ക്രിക്കറ്റ് ലീഗ്</u>**

കേരള ക്രിക്കറ്റ് അസോസിയേഷൻ സംഘടിപ്പിക്കുന്ന പ്രഥമ കേരള ക്രിക്കറ്റ് ലീഗ് ട്വൻറി-20 മത്സരങ്ങൾക്ക് സെപ്റ്റംബർ രണ്ട് മുതൽ തുടക്കമാകും. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ രാത്രിയും പകലുമായാണ് മത്സരങ്ങൾ. പ്രവേശനം സൗജന്യമാണ്.

**************************************************************************************************************

## ഡ്യൂറൻഡ് കപ്പ്

ഡ്യൂറൻഡ് കപ്പ് ഫുട്ബോളിൻറെ രണ്ടാം സെമി ഫൈനലിൽ ഇന്ന് മോഹൻ ബഗാനും ബംഗളുരു എഫ് .സി യും ഏറ്റുമുട്ടും. ആദ്യ സെമിയിൽ ഷില്ലോങ് ലജോങ്ങിനെ പരാജയപ്പെടുത്തിയ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, ഫൈനലിൽ ഇടംനേടി.

**************************************************************************************************************

## യു.എസ് ഓപ്പൺ ടെന്നീസ്

ന്യൂയോർക്കിൽ നടക്കുന്ന യു.എസ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസിൻ്റെ ആദ്യ റൗണ്ടിൽ ഇന്ത്യയുടെ സുമിത് നാഗൽ പുറത്തായി. ഡച്ച് താരം ടാലൻ ഗ്രിക്സ് പൂരിനോടാണ് സുമിത് പരാജയപ്പെട്ടത്.

**************************************************************************************************************

## പാരാലിമ്പിക്സ്

പാരീസ് പാരാലിമ്പിക്സിന് നാളെ തുടക്കം.

84 അത്ലറ്റുകളാണ് ഇന്ത്യൻ സംഘത്തിലുള്ളത്. അമ്പെയ്ത്തിൽ മെഡൽ പ്രതീക്ഷയുമായി ഏഷ്യൻ പാരാ ഗെയിംസ് സ്വർണ മെഡൽ ജേതാവ് ശീതൽ ദേവി ഇറങ്ങും.

**************************************************************************************************************

## ഗതാഗത നിരോധനം

ആലപ്പുഴ - ചങ്ങനാശ്ശേരി റോഡ് നവീകരണത്തിൻറെ ഭാഗമായി ഇന്നും നാളെയും ഗതാഗത നിരോധനം ഏർപ്പെടുത്തി.

പള്ളാത്തുരുത്തി പാലത്തിൽ നിർമാണ ജോലികൾ നടക്കുന്നതിനാൽ ഇന്ന് രാത്രി 07-00 മണി മുതൽ നാളെ രാവിലെ 7.00 മണി വരെയാണ് ഗതാഗതം നിരോധിച്ചത്.

ചങ്ങനാശ്ശേരി ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ പൂപ്പള്ളി-ചമ്പക്കുളം എസ് എൻ കവല വഴി ആലപ്പുഴയ്ക്കും, ആലപ്പുഴയിൽ

RNUTVPM

നിന്നുള്ള വാഹനങ്ങൾ എസ് എൻ കവല ചമ്പക്കുളം വഴി പൂപ്പള്ളിക്കോ അമ്പലപ്പുഴ- തിരുവല്ല റോഡ് വഴിയോ പോകേണ്ടതാണെന്ന് അധികൃതർ അറിയിച്ചു.

************************************************************************************************

**ഡൽഹി - ഭക്ഷ്യവിഷബാധ**

ഡൽഹിയിൽ ഭക്ഷ്യ വിഷബാധയെ തുടർന്ന് രണ്ടരമാസമായി ചികിത്സയിലിരുന്ന മലയാളി നഴ്സിങ് വിദ്യാർഥിനി മരിച്ചു. ചേപ്പാട് കുന്നേൽ പ്രദീപിൻറെ ഏക മകൾ പ്രവീണ ആണ് മരിച്ചത്. ഡൽഹിയിലെ V.M.C.C. നഴ്സിങ് കോളേജിലെ രണ്ടാം വർഷ വിദ്യാർഥിയായിരുന്നു.

************************************************************************************************

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 167 പോയിൻറ് നേട്ടത്തിൽ 81,894- ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 58 പോയിൻറ് ഉയർന്ന് 25,062 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണ വിലയിൽ മാറ്റമില്ല. പവന് 53,560 രൂപയും ഗ്രാമിന് 6,695 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

************************************************************************************************

************************************************************************************************

***************